LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ 18.345 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 35 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 42.093 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 7.005 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുകയും ചെയ്തു. ഇതിനായി 294.76 ലക്ഷം രൂപ ചെലവായിട്ടുണ്ട്. സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതിയിൽ 5 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 13 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 11 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 2.19 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുകയും 1.89 കി.മീ. സ്പീറ്റ് ലൈൻ വലിക്കുകയും ചെയ്തു. ഇതിനായി 98.25 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഈ മണ്ഡലത്തിൽ 11812 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തു. പ്രസരണ മേഖലയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 110 കെ.വി. കൊയിലാണ്ടി സബ് സ്റ്റേഷനിലെ 10 എം.വി.എ. ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളിൽ ഒന്ന് മാറ്റി പകരം 20 എം.വി.എ. ശേഷിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിന് 1,12,30,000 രൂപ ചെലവ് കണക്കാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമർ വാങ്ങിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ നിലവിലുള്ള കൊയിലാണ്ടി, വടകര 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഇരട്ടിപ്പിക്കുന്നതിനുള്ള ജോലികൾ 3,25,66,202 രൂപ അടങ്കൽ തുക കണക്കാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി & സി) ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഇതുവരെയായി 19.395 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 31 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 7.435 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുകയും 26.355 കി.മീ. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുകയും ചെയ്തു. ഇതിനായി ഇതുവരെ 291.73 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി. ബാക്കി 68.29 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഇതുവരെയായി 0.082 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 1 ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 10.386 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 537 ബി.പി.എൽ. വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 46.96 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

കാഞ്ഞങ്ങാട് ഭൂമിക്കടിയിലൂടെ വൈദ്യുതി

45 (4036) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.പി.ഡി.ആർ.പി. ഫണ്ട് ഉപയോഗിച്ച് കാഞ്ഞങ്ങാട് നഗരത്തിൽ സ്ഥാപിച്ച ഭൂമിക്കടിയിലൂടെ വൈദ്യുതി പദ്ധതിയുടെ പ്രവൃത്തി എന്നാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(സി) പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവായ തുക എത്രയാണെന്നും, പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ സാങ്കേതിക പ്രശ്നങ്ങൾ ഉൾക്കൊണ്ട് പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2016 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ബി.എസ്.എൻ.എൽ.-ൽ നിന്നും ആവശ്യമായ പി.റ്റി.സി.സി. അനുമതി ലഭിക്കാത്തതാണ് കാരണം.

(സി) പദ്ധതി പ്രവർത്തനങ്ങൾക്കായി മൊത്തം 60.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. റോഡ് വീതി കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കെ.എസ്.റ്റി.പി. നിർമ്മിക്കുന്ന duct-lൂടെ ഭൂഗർഭ കേബിളുകൾ മാറ്റി സ്ഥാപിക്കുന്നതോടുകൂടി നിലവിലുള്ള തടസ്സങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം

46 (4037) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസുകളിലുമുള്ള ഉപഭോക്താക്കളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഓരോ സെക്ഷൻ ഓഫീസുകളിലും ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ നിലവിലുണ്ട്; പ്രസ്തുത അപേക്ഷകർക്ക് എപ്പോൾ കണക്ഷൻ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

ഉത്തരം

(എ)

സെക്ഷൻ	ഉപഭോക്താക്കളുടെ എണ്ണം
എഴുകോൺ	13955
വെളിയം	19060
കൊട്ടാരക്കര (വെസ്റ്റ്)	15358

LIBRARY ARCHIVES Kerala Legislative Assembly